# കൊലപാതക ശ്രമം-മൂന്നു പ്രതികൾ അറസ്റ്റിൽ

അങ്കമാലി വില്ലേജ് നായത്തോട് കരയിൽ തേക്കാനത്ത് വീട്ടിൽ ജോയി മകൻ 22 വയസ്സുള്ള എൽദോയെ വെട്ടിയും കമ്പിവടിക്ക് അടിച്ചും കൊലപ്പെടുത്താൻ ശ്രമിച്ച പ്രതികളായ മറ്റൂർ വില്ലേജ് പിരാരൂർ കരയിൽ റെയിൽവെ അക്വാഡറ്റിന് സമീപം ചേരാമ്പിള്ളി വട്ടിൽ കർണ്ണൻ മകൻ ശരത്ത് വയസ്സ് 23/17, അങ്കമാലി വില്ലേജ് വേങ്ങൂർ കരയിൽ അംബേദ്കർ കോളനിയിൽ ചേരാമ്പിള്ളി വീട്ടിൽ അയ്യപ്പൻ മകൻ അമൽ അയ്യപ്പൻ വയസ്സ് 23/17, അങ്കമാലി വില്ലേജ് വേങ്ങൂർ കരയിൽ അംബേദ്കർ കോളനിയിൽ തെക്കുംതല വീട്ടിൽ ഷാജു മകൻ സനു സെബാസ്റ്റ്യൻ വയസ്സ് 23/17 എന്നിവരേയാണ് നെടുമ്പാശ്ശേരി പോലീസ് ഇൻസ്പെക്ടറുടെ ചാർജ്ജുള്ള അങ്കമാലി സർക്കിൾ ഇൻസ്പെക്ടറും സംഘവും പിടികൂടിയത്.

എൽദോയോട് പ്രതികൾക്കുള്ള മുൻ വിരോധമാണ് പ്രതികളെ കുറ്റകൃത്യത്തിന് പ്രേരിപ്പിച്ചത്. 08.02.17 തിയതി രാത്രി 09.15 മണിക്ക് കവരപ്പറമ്പ് ചെങ്കായി നഗർ ഭാഗത്തുള്ള റോഡിലൂടെ മോട്ടോർസൈക്കിളിൽ വന്ന എൽദോയെ പ്രതികൾ ചേർന്ന് തടഞ്ഞു നിറുത്തിയപ്പോൾ ടി എൽദോ മോട്ടോർസൈക്കിളിൽ നിന്നും ഇറങ്ങി പിൻതിരിഞ്ഞോടിയ സമയം പിൻതുടർന്നെത്തിയ പ്രതികൾ കയ്യിൽ കരുതിയിരുന്ന കമ്പി വടികളും മറ്റും ഉപയോഗിച്ച് അടിച്ചും ഇടിച്ചും കുത്തിയും മാരകമായി പരുക്കേല്പിക്കുകയായിരുന്നു.

സംഭവത്തിനു ശേഷം നാട്ടു വിട്ടു പോകാൻ ആലുവ റെയിൽവേ സ്റ്റേഷനിലെത്തിയ പ്രതികളെ അങ്കമാലി സർക്കിൾ ഇൻസ്പെക്ടർ S. മുഹമ്മദ് റിയാസ്, നെടുമ്പാശ്ശേരി പോലീസ് സബ്ബ് ഇൻസ്പെക്ടർ GS ഹരി, SI ജോൺസൺ, SCPO ബിനോജ്, CPO ബിനു, സുധീഷ് എന്നിവർ ചേർന്നാണ് പിടികൂടിയത്.